**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** | **08-12-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നിർവ്വഹിച്ചു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | **വർക്കല നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. വർക്കല സർക്കാർ അതിഥിമന്ദിരത്തിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ള കോട്ടേജുകളുടെ പുനരുദ്ധാരണവും**<br><br>**ഈ പദ്ധതിയുടെ 65% പൂർത്തിയായിട്ടുണ്ട്.. 2023 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.**<br><br>**2. വർക്കല കടൽത്തീരത്ത് ലോക നിലവാരത്തിലുള്ള ശുചിമുറിസമുച്ചയം**<br><br>**ഈ പദ്ധതിയുടെ 75% പൂർത്തിയായിട്ടുണ്ട്. 2023 ജനുവരിയിൽ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.**<br><br>**3. CCTV ക്യാമറകളുടേയും വഴിവിളക്കുകയുടേയും സ്ഥാപനം**<br><br>**പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.**<br><br>**4. വർക്കല ബീച്ച് ടൂറിസം വികസനം**<br><br>**2018 ൽ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ 10% മാത്രമേ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയുടെ നിർവ്വഹണസമയത്ത് പരിസ്ഥിതി പ്രവർത്തകർ ഉയർത്തിയ തടസ്സ വാദങ്ങളും , CRZ അനുമതി ലഭ്യമാകുന്നതിലുള്ള തടസ്സവും കാരണം പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ , ഈ പദ്ധതി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

| | | | |
|---|---|---|---|
| | | | 5. <u>വർക്കല ടൂറിസം കേന്ദ്രത്തിന്റെ വികസനം - തീർത്ഥക്കുളത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടേയും പുനരുദ്ധാരണം.</u><br><br>**ആദ്യഘട്ടത്തിൽ പദ്ധതിനിർവഹണം ഏറ്റെടുത്ത ഏജൻസി പിന്നീട് പിൻവാങ്ങുകയുണ്ടായി. ഈ സാഹചര്യത്തിൽ, നിലവിൽ സംസ്ഥാന ജലസേചനവകുപ്പിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ